# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1109 — 29.9.2011 ൽ മറുപടിക്ക്

**പാലിയക്കര ടോൾപ്ലാസായെ മോഡൽ പ്ലാസയായി പ്രഖ്യാപിക്കാൻ നടപടി**

### ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ്

(എ) പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിൽ വരുന്ന എൻ.എച്ച്.47-ൽ ടോൾ പിരിക്കുന്നതിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അരൂർ പഞ്ചായത്തിൽ ഒരു മോഡൽ ടോൾ പ്ലാസ ചെയ്തത്പോലെ നെന്മണിക്കര പഞ്ചായത്തിലെ പാലിയക്കരയിലുള്ള ടോൾ പ്ലാസയേയും മോഡൽ ടോൾ പ്ലാസയായി പ്രഖ്യാപിച്ച് ടോൾ പിരിവിൽ നിന്നും ഒഴിവാക്കുമോ?

### ഉത്തരം

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**

**(മരാമത്ത്‌വകുപ്പു മന്ത്രി)**

(എ) യും(ബി)യും (സി) യും

പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിൽ വരുന്ന എൻ.എച്ച്.47, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ അധികാര പരിധിയിലല്ല. പ്രസ്തുത ഭാഗം നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. ആയതിനാൽ ടോൾ പിരിവിൽ നിന്നും ഒഴിവാക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നകാര്യമല്ല.

സെക്ഷൻ ഓഫീസർ